**Malayala Manorama**
**25 August 2018**
**Kochi; Flood , E-Waste**

# ഇ-വേസ്റ്റ് ശേഖരണം: നടപടി തുടങ്ങി



കൊച്ചി • പ്രളയബാധിത പ്രദേശങ്ങളിലെ ഇ-വേസ്റ്റ് ശേഖരണത്തിനു നടപടിക്രമങ്ങൾ ആരംഭിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ഇ വേസ്റ്റ് ഏറ്റെടുക്കുന്നത്. ക്ലീൻ കേരള കമ്പനി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. പ്രളയത്തിൽ ഉപയോഗശൂന്യമായിപ്പോയ കംപ്യൂട്ടർ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് ഉപകരണങ്ങളാണ് ഏറ്റെടുക്കുന്നത്.

സർക്കാർ ഓഫിസുകളിലെയും സ്കൂളുകളിലെയും ഇ-വേസ്റ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിക്കും. തദ്ദേശ സ്ഥാപനങ്ങളുടെ കയ്യിൽ നിന്നു ക്ലീൻ കേരള കമ്പനി ഇവ ഏറ്റെടുത്തു സംസ്കരിക്കും.